റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: പെരിങ്ങൽക്കുത്തിലെ പണികളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ തെളിവുകൾസഹിതം മന്ത്രിസഭയുടെ അടുത്തു് ഹാജരാക്കുന്നപക്ഷം അതിനെക്കുറിച്ചു് അനേഷിക്കാമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെ നടക്കുന്ന സംഗതികളെക്കുറിച്ചു് ശരിക്കുള്ള ആക്ഷേപങ്ങൾ കാണുന്നപക്ഷം അതിനെക്കുറിച്ചനേഷിക്കുവാൻ ഗവണ്മെണ്ടു തയ്യാറാണു്.

മിസ്റ്റർ കെ. എ. രാഘവൻ: ഈ പണി ചെക്കുമെഷർ ചെയ്യുകയുണ്ടായിട്ടുണ്ടൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: പണി മുഴവൻ കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. എ. രാഘവൻ: കഴിഞ്ഞിട്ടുള്ള പണി ചെക്കുമെഷർ ചെയ്തിട്ടുണ്ടൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: ഈ രണ്ടാമത്തെ എക്സികൂട്ടീവ് എഞ്ചിനിയരെ എന്നാണു് വെച്ചതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: രണ്ടുമാസത്തോളമായി.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: ഒരാളെക്കൂടി വെക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെ മൂന്നു എക്സികൂട്ടീവ് എഞ്ചിനീയർമാരെ വെക്കാൻ സാങ്ക്ഷൻ ഉണ്ടു്. ചീഫ് എഞ്ചിനീയർ ഒരാളെ വെക്കണമെന്നു റക്കമൻറ ചെയ്തു. അതുകൊണ്ടു് ഒരാളെകൂടി വെച്ചു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I suggest, Sir, that question No. 253 relating to the Poringalkuthu scheme may be clubbed with this question and answered.

Mr. President: It is a wider question than the present one. Is there any objection to take that up?

Rao Sahib K. Ayyappan *(Minister for Public Works):* I have no objection.

Mr. President: Question No. 238 is about survey clearance. The other is a much wider question. If there is any objection from any member, I am not going to put it. Has Mr. Raghavan any objection ?

Mr. K. A. Raghavan *(Nominated):* I have no objection, Sir.

PORINGALKUTHU ELECTRICITY SCHEME

253. Mr. P. Kumaran Ezhuthassan *(Vadakkanheri):* Will Govemment be pleased to state.—

(*a*) at what stage is the Poringalkuthu Electricity scheme now ;

(*b*) have the necessary machinery for the work been obtained ;

(*c*) when do the Government hope to complete the work and when can power be had from Poringalkuthu?

Rao Sahib K. Ayyappan *(Minister for Public Works):*

The Hydro Electric Scheme is now in the construction stage with the following works in progress-

(1) Opening of Road between the Anamalais Road and Work site.
(2) Opening of Road between the above Access Road and Staff camp site.
(3) Construction of a Temporary Staff and Labour Camp.
(4) Survey of and selection of Dam site.
(5) Svrvey of and selection of various Pipe line Alignments.
(6) Designs of various residential and non-residential buildings.
(7) Preliminary design of Dam and appurtenances.
(8) Selection and ordering of all Construction Plant.
(9) Stripping of selected Dam site.
(10) Construction of 22 KV. Temporary Power Line from Poringalkuthu to Kalyanapandal, for construction power purpopses.

(*b*) No. Orders have been placed for the construcion machinery and their delivery is awaited.—

(c) March, 1951 (approximately).

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ സബ്വെ ക്ലിയറൻസ് വക്ക് തുടങ്ങീട്ട് എത്ര കാലമായി?

റാവു സാഹിബ് കെ. അയ്യപ്പൻ: അതു തുടങ്ങിയതിന്റെ ശരിയായ തീയ്യതി എനിക്കറിഞ്ഞുകൂടാ. നോട്ടീസ്സുവേണം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: രണ്ടുമാസമേ ആയിട്ടുള്ളു ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയരെ വെച്ചിട്ട് എന്നു പറഞ്ഞുവല്ലൊ. അതിനുമുമ്പ് എറണാകുളത്തുള്ള ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലായിരുന്നില്ലെ ഈ വക്ക് നടന്നിരുന്നതു്? രണ്ടുമാസത്തിനു മുമ്പ് അദ്ദേഹം എത്ര പ്രാവശ്യം അവിടെ പോയിട്ടുണ്ടു്?

റാവു സാഹിബ് കെ. അയ്യപ്പൻ: വളരെ അധികം പ്രാവശ്യം പോയിട്ടുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ: പെരിങ്ങൽകുത്തു പണികളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വാസ്തവമാണെന്നു് ഇന്നലെ തെളിഞ്ഞതിനുംപുറമെ ഇന്നു് ഇതുകൂടികൊണ്ടും തെളിയുന്നില്ലെ?

റാവു സാഹിബ് കെ. അയ്യപ്പൻ: അതു് ഇന്നലെ തെളിഞ്ഞില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* No, Sir, it is more insulting.

Mr. President: Such remarks are not needed for answering this question.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I find, Sir, sub-divisions 4 and 5, survey of and selection of dam site, survey of and selection of various pipe-line alignments. ഇതു കഴിയുന്നതിനുമുമ്പാണൊ ഈ ആയിരത്തി അഞ്ഞൂറകാരനേയും അഞ്ഞൂറകാരനേയും അവിടെ കൊണ്ടുപോയി വെച്ചതു്?

റാവു സാഹിബ് കെ. അയ്യപ്പൻ: ഈ സ്കീമിനു പലേ ഡിറേറയിൽസും ആവശ്യമുണ്ടു്. ഇതുപോലെയുള്ള വലിയ സ്കീംസിന്റെ സമ്പ്രദായം ഇങ്ങിനെയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: ഒരു പേഴ്സനൽ അസിസ്റ്റന്റ എഞ്ചിനീയറുണ്ടെന്നു പറഞ്ഞുവല്ലൊ. അതാരുടെ പേഴ്സനൽ അസിസ്റ്റന്റാണു്?

റാവു സാഹിബ് കെ. അയ്യപ്പൻ: ചീഫ് എഞ്ചിനീയരുടെതാണു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: ഇവർ രണ്ടാളുകളേയും അങ്ങോട്ടു നീക്കരുതെ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെ ആപ്പീസ്സിനുള്ള കെട്ടിടങ്ങളും മറവും പണിയുന്നുണ്ടു്. അതിന്റെ പണി കഴിഞ്ഞാൽ അങ്ങോട്ടു പോകും.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: സക്കാരിന്റെ പണം ടി. എ. ആയിട്ടും മറവും അനാവശ്യമായി ചിലവായി പോകുന്നുണ്ടു്. അതുകൊണ്ടു് ഈ ആപ്പീസ് ചാലക്കുടിയിലേക്കു മാറുവാൻ പാടുകയില്ലെ?

റാവു സാഹിബ് കെ. അയ്യപ്പൻ: ചാലക്കുടിയിൽ സ്ഥലമില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: ഇതിനു് ഒരു ചീഫ് എഞ്ചിനീയർ- രണ്ടു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇതിനും പുറമെ വല്ല എഞ്ചിനീയർമാരുമുണ്ടോ?

റാവു സാഹിബ് കെ. അയ്യപ്പൻ: രണ്ടു് അസിസ്റ്റന്റ എഞ്ചിനീയരുമുണ്ടു് ഒരു Consulting Engineer-ും ഉണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: ചീഫ് എഞ്ചിനീയരെപ്പോലെതന്നെ ഇതു മുഴുവനാകയില്ലെന്നു കരുതിട്ടാണോ കൺസൾടിംഗ് എഞ്ചിനീയരെക്കൂടി വെച്ചിട്ടുള്ളതു്?

റാവു സാഹിബ് കെ. അയ്യപ്പൻ: ഇതു വളരെ ചിലവുള്ള ഒരു പണിയാണു്. ഇതിനു വിദഗ്ദ്ധാഭിപ്രായം എത്രത്തോളം കിട്ടാമോ അത്രയും നല്ലതാണു്. അതുകൊണ്ടു് ഇതിൽ വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർ അധികമായിപോകുന്നു എന്നു ഒരു പരാതി എടുക്കുന്നതു് ശരിയല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: ആരാണു് ഈ കൺസൾടിംഗ് എഞ്ചിനീയർ?

റാവു സാഹിബ് കെ. അയ്യപ്പൻ: സർ, ഹെൻറിഹോവേർഡാണു്.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: ഈ കൺസൾടിംഗ് എഞ്ചിനീയർക്കു സ്ഥിരശമ്പളമാണോ?

റാവു സാഹിബ് കെ. അയ്യപ്പൻ: സ്ഥിരശമ്പളമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: കമ്മീഷൻ basis-ൽ ആണോ ശമ്പളം കൊടുക്കുന്നത്., അതായത് ആകെ ചിലവു ചെയ്യുന്നതിന്റെ ഇത്ര ശതമാനം അദ്ദേഹത്തിനു് കൊടുക്കുക എന്നു് വല്ല കണക്കുമുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അങ്ങിനെയൊന്നുമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: Personal Assistant-നും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാക്കും ശമ്പളത്തിനുപുറമെ വല്ല അലവൻസും കൊടുക്കുന്നുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡ്യൂട്ടി അലവൻസ്സു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. മാണി: ഈ consulting എഞ്ചിനീയക്കു് ഇവിടെ മാത്രമോ, അല്ലെങ്കിൽ വേറെ വല്ല സ്ഥലത്തും പണിയുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഇന്ത്യയിലുള്ള പ്രധാനപ്പെട്ട പല work-കളും അദ്ദേഹത്തോടു് ആലോചിച്ചും, ഉപദേശപ്രകാരമാണു് നടത്തുന്നതു്. അത്രയും വലിയൊരു വിദഗ്ദ്ധനാണു് അദ്ദേഹം.

മിസ്റ്റർ പി. മാണി: ഈ എക്സിക്യൂട്ടീവ് എഞ്ചിനീയക്കു് work-spot-ലെ charge ഉണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: Work-spot-ലെ ചാർജ്ജു് Executive Engineer-ക്കാണു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ഈ കൺസൾട്ടിങ്ങു് എഞ്ചിനീയർ അവിടെ എത്ര തവണ വന്നിട്ടുണ്ടു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഞാൻ വന്നതിനുശേഷം ഒരുതവണ വന്നിട്ടുണ്ടു്.

മിസ്റ്റർ ജോസു് കെ. വർഗ്ഗീസു്: ഈ Answer-ൽ പറഞ്ഞിട്ടുള്ള ഒന്നു്, രണ്ടു്, മൂന്നു്, നാലു് ഈ പണികളെല്ലാം നടന്നിട്ടുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അതിൽ ആദ്യത്തെ വക്കു് മിക്കവാറും തീരാറായി. രണ്ടാമത്തേതു് പ്രോഗ്രസിൽ ഇരിക്കുന്നു. മൂന്നാമത്തേതു് മിക്കവാറും കഴിഞ്ഞു. നാലാമത്തേതു് പ്രോഗ്രസിൽ ഇരിക്കുന്നു. അഞ്ചാമത്തേതു് തീർന്നു എന്നുതന്നെ പറയാം. ഏഴാമത്തേതു് Purchasing sanction ആയിട്ടുണ്ടു്. മിക്കവാറും എല്ലാം തീർന്നിരിക്കുകയാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: No. നു-ന്റെ കാര്യം പറഞ്ഞില്ലല്ലോ.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതെല്ലാം ഏതാണ്ടു കഴിയാറായി.

മിസ്റ്റർ ജോസു് കെ. വർഗ്ഗീസു്: സർ, ഏതെല്ലാം work-കളാണു് N. O. ഇനാശ്രുവിനു് contract കൊടുത്തിട്ടുള്ളതു്. ഈ buildings construction എല്ലാം അദ്ദേഹത്തിന്റെ contract-ൽ പെടുമോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അദ്ദേഹത്തിനു കൊടുത്തിട്ടുള്ളതു് മുതല്ല. വേറെയാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ Personal Assistant-ന്റെ ശമ്പളവും Executive Engineer-ടെ ശമ്പളവും ഒരുപോലെയാണോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അദ്ദേഹത്തിനു് ഡ്യൂട്ടി അലവൻസു് ഉണ്ടോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: എല്ലാവക്കും ഡ്യൂട്ടി അലവൻസ്സുണ്ടു്.

മിസ്റ്റർ പി. ശങ്കരമേനോൻ: Answer-ൽ 4 0-ാംനമ്പ്രായി പറഞ്ഞിട്ടുള്ളതു് എത്രത്തോളം progress ചെയ്തു?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: എത്രത്തോളം കഴിഞ്ഞുവെന്നു് അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: Answer (b)-ൽ No. എന്നു് പറഞ്ഞിട്ടുണ്ടല്ലൊ. Regarding No. 4, survey of dam site, are we to understand that the site for the dam has not so far been selected?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: ഈ സൈറ്റ് സിലക്റ്റ ചെയ്യുവാൻ അതിന്റെ ന്യൂനതകളെല്ലാം കണ്ടുപിടിച്ചു തീർക്കുവാൻ വഴിയുണ്ടോ എന്നു നോക്കി, ഇല്ലെങ്കിൽ വേറെ സൈറ്റ് സിലക്റ്റചെയ്യു, അങ്ങിനെ വേണം ഫൈനലായിട്ടു് ഉറപ്പിക്കുവാൻ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസ് കെ. വള്ളിസ്സ്: നാലാമത്തേതിൽ പറഞ്ഞിട്ടുള്ള സൈറ്റ് സിലക്റ്റ ചെയ്യുന്നതിനല്ലെ Trenches ഉണ്ടാക്കുന്നതു?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: Dam site final ആയിട്ട് സിലക്റ്റചെയ്യുവാൻ ഇതൊക്കെ നോക്കീട്ടവേണം.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Are we to understand Sir, that as far as the selection of the dam site is concerned, the earlier enquiries conducted did not fix upon the dam site? Are we to understand like that?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: Dam site എന്നുള്ളതു പെരിങ്ങൽക്കുത്തിൽ തന്നെ വേണമെന്നു തീച്ചയാക്കി. പക്ഷെ അവിടെത്തന്നെ പല സൈറ്റുകളും എടുത്തുനോക്കിയിട്ടവേണം ഫൈനലായിട്ട് തീച്ചപ്പെടുത്തുവാൻ.

മിസ്റ്റർ പി. കെ. പോറ്റി: ഡ്യൂട്ടി അലവൻസ്സു കൊടുക്കുന്നുണ്ടെന്നു പറഞ്ഞതു് എത്രയാണു?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അങ്ങിനെ ചോദിച്ചാൽ അതൊക്കെ നോട്ടീസ്സില്ലാതെ പറയാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കെ. പോറ്റി: ഈ സ്ഥലത്തു് ഒരു കല്ല്യാണപ്പന്തലിന്റെ ആവശ്യമെന്താണു? (ചിരി).

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ വക്കുകളെല്ലാം construction stage-ലാണു് എന്നു് പറഞ്ഞിട്ടുണ്ടല്ലൊ. അപ്പോൾ ഈ Answer 8-ൽ പറഞ്ഞിട്ടുള്ള Dam site final ആയിട്ടു് തീച്ചയാക്കീട്ടില്ലെ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഫൈനലായിട്ടു് തീച്ചയാക്കീട്ടില്ലെന്നു് പറഞ്ഞതു് പല സൈറ്റുകളിൽ ഏതാണെന്നു് തീച്ചയാക്കീട്ടില്ല എന്നുള്ളതുകൊണ്ടാണു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I suggest Sir, that the seating arrangements of the House may be re-arranged so that unseemly sights in the House may be avoided.

Mr. President: That does not arise now.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പെരിങ്ങൽക്കുത്തിൽ ഇന്നദിക്കിലാണെന്നു് അറിയാതെകണ്ടു്, How were you able to prepare a plan, a programme and an estimate?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: Final ആയിട്ട തീർച്ചയാക്കുവാൻ സർവ്വെ കഴിഞ്ഞിട്ടവേണം. ഇതിനു പല details-ും ഉണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi):* Can we take it therefore that there is no plan and programme?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇതിനു് പ്ലാനുമുണ്ടു്, പ്രോഗ്രാമുമുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: Final Dam site എവിടെയാണു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അതു് തീർച്ചയാക്കീട്ടില്ല. ഒരു സൈറ്റ നോക്കി അതു് ശരിപ്പെടുന്നതല്ല എന്നു കണ്ടാൽഅതിന്നപ്പുറത്തോ ഇപ്പുറത്തോ വേറെ ഏതെങ്കിലും ഒരു സൈറ്റ് പറ്റിയതായിട്ടുണ്ടോ എന്നു നോക്കണം. അങ്ങിനെ പലതുംനോക്കിയിട്ടവേണം ഫൈനലായിട്ട തീച്ചയാക്കാൻ.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയ്ത്: ഒരു സൈറ്റ്നോക്കി അതു പറ്റാത്തപക്ഷം അവിടെനിന്നും ഒരു മുന്നു നാഴിക അകലെയാണു് വേറൊരു സൈറ്റ് എങ്കിൽ ആദ്യം ചിലവാക്കിയതെല്ലാം നഷ്ടപ്പെടുകയില്ലേ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: തീച്ചയായിട്ടും, ഈ മാതിരി സ്കീമുകൾക്കു് ഇങ്ങിനെയുള്ള നഷ്ടങ്ങളൊക്കെ സഹിക്കേണ്ടിവരും.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Are we to take it, Sir, that the original site selected has been given up? Without selecting a site for the dam, no government will be justified in going on with a scheme so costly. From the answer to No. 4, "survey of and selection of dam site", can we take it, Sir, that the original site of the dam selected has been given up and a new one as was the case in Pallivasal is being attempted?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: Original site-ൽ തന്നെയാണു് പണി നടന്നുകൊണ്ടിരിക്കുന്നതു്. ഇതിനു് പല details-ും ഉണ്ടു്. Exact ആയി ഇന്ന സ്ഥലം വേണമെന്നു് തീച്ചയാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: Exact ആയിട്ടുള്ള സ്ഥലം കണ്ടുപിടിക്കുവാനുള്ള ശ്രമമല്ല ഇപ്പോൾ നടക്കുന്നത്?

റാവുസാഹിബ് കെ. അയ്യപ്പൻ: അതൊക്കെത്തന്നെയാണ് നടക്കുന്നത്.

മിസ്റ്റർ പി. മാണി.: ഈ സ്ഥലം കണ്ടുപിടിക്കാതെ നിവൃത്തിയുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതൊക്കെ കണ്ടുപിടിക്കാതെയാണൊ ഇവക്കെല്ലാം ൧൯൦൦-ം, ൧൯൦-ം ക. ശമ്പളം കൊടുത്തുവെച്ചിട്ടുള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതൊക്കെ ചെയ്യാൻവേണ്ടിയാണ് ഇവരെ വെച്ചിട്ടുള്ളത്. ഈ സ്റ്റീമിനെപറ്റിയുള്ള വിവരം മുഴുവനും ഞാൻ ഇവിടെ തന്നുകഴിഞ്ഞു. ഈ സ്റ്റീമിന്റെ സ്വഭാവം നോക്കുകയാണെങ്കിൽ ഇങ്ങിനെയൊക്കെ അല്ലാതെ നടത്തുവാൻ വിഷമമാണ്.

Mr. President: I think the question has been sufficiently answered.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Sir, it has not been answered from the other side.

Rao Sahib K. Ayyappan *(Minister for Public Works)*: It is answered.

Mr. President: As far as possible.

Mr. Jos K. Verghese *(Trichur South)*: Chief Engineer-ം Executive Engineer-ം എവിടെയാണ് താമസിക്കുന്നത്? അവക്ക് Hill Allowance കൊടുക്കുന്നുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇപ്പോൾ ഇല്ല.

PUBLICITY PORTFOLIO—CHANGE IN PRESENT ADMINISTRATION—DETAILS REGARDING

239. മിസ്റ്റർ പി. വി. സുബ്രഹ്മണ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) മന്ത്രിഭരണത്തിലേക്ക വിട്ട കൊടുക്കപ്പെട്ടിട്ടുള്ള പ്രസിദ്ധീകരണവകുപ്പ് തിരിവാൻ ഭരണത്തിന്നുതന്നെ വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഹേതുവെന്ത്;

(സി) ഉദ്ദേശമില്ലെങ്കിൽ ഇതിനെപ്പറ്റി വല്ല ആലോചനയും നടക്കുകയുണ്ടായോ?

റാവു സാഹിബ് എ. മാധവപ്രഭു:

(എ) ഇല്ല.

(ബി) (എ)-ഉത്തരംകൊണ്ട് ഇതിനു ഉത്തരം ആവശ്യമില്ല.

(സി) ഇല്ല.

ISSUE OF FRESH LICENSES TO RUN TEXTILE SHOPS—DETAILS REGARDING

240. Mr. M. O. Thomakutty *(Commerce and Industry)*: Will Government be pleased to state.—

(*a*) has anybody who was not a textile merchant during the basic period been granted license for running a textile shop and quota of mill cloths allotted to him;

(*b*) if so, the names and address of the persons may be stated;

(*c*) has any complaint been received aganinst this from the merchants;

(*d*) what action has been taken on the complaints?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) Retail licenses and mill cloth quotas have been allowed to the following.—

1. Mr. K. V. Vasupanikker, Vallanghy, Nemmara—quota for Rs. 500.
2. Mr. M. V. Karunakaran, Merchant, Kothad—quota for Rs. 400.
3. Mr. M. O. Devassy, Merchant, Kadamakkudy—quota for Rs. 400.
4. Mr. N. Damodara, Prabhu, Merchant Ernakulam—quota for Rs. 1,000.
5. Mr. T. V. S. Mani, Proprietor, Lekshmi Stores Naickanal, Trichur—quota for Rs. 1,892.

LIBRARY ARCHIVES Kerala Legislative Assembly